# 'മനുഷ്യക്കടത്ത്: ഇരകളിൽ കൂടുതലും വനിതകൾ'

പാലക്കാട് ● മനുഷ്യക്കടത്തിന് ഇരയാകുന്നവരിൽ 49% സ്ത്രീകളും 23% പെൺകുട്ടികളുമാണെന്നു രാജ്യാന്തര മനുഷ്യക്കടത്തു വിരുദ്ധ ദിനത്തോടനുബന്ധിച്ച്, ഇരകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന, വിശ്വാസ് സംഘടിപ്പിച്ച വെബിനാർ.

ഇത്തരക്കാരിൽ 59 % പേരെയും ലൈംഗിക ചൂഷണത്തിനാണ് ഉപയോഗിക്കുന്നത്. 34 % പേർ അടിമപ്പണിക്കാരാകുമെന്നും ഐക്യരാഷ്ട്രസംഘടനയുടെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് ചർച്ചയിൽ വ്യക്തമാക്കി. വിപുലമായ സംഘടിത കുറ്റകൃത്യമാണ് മനുഷ്യക്കടത്തെന്ന് കേന്ദ്ര ആഭ്യന്തരവകുപ്പ് മനുഷ്യക്കടത്ത് വിരുദ്ധ സെൽ മാസ്റ്റർ ട്രെയിനർ കൂടിയായ വിശ്വാസ് സെക്രട്ടറി പി.പ്രേംനാഥ് വിഷയം വിഷയം അവതരിപ്പിച്ചു പറഞ്ഞു.

രാജ്യത്തിനകത്തും പുറത്തേക്കും ഇരകളെ നിർബാധം കൈമാറുന്ന സ്ഥിതിയുണ്ട്. കോവിഡിനെ തുടർന്നുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധിയും ദുരിതവും മുതലെടുക്കാൻ മനുഷ്യക്കടത്തു സംഘങ്ങൾ നീക്കം നടത്തുമെന്ന സൂചനകളിൽ പൊലീസും സാമൂഹിക പ്രവർത്തകരും ജാഗ്രത പാലിക്കണം.

കാണാതാകുന്ന കുട്ടികളിൽ പകുതി മാത്രമേ തിരിച്ചെത്തുന്നുള്ളൂ. കുട്ടികളെ കാണാതായാൽ ഉടൻ പൊലീസ്, ചൈൽഡ് ലൈൻ എന്നിവിടങ്ങളിൽ പരാതിയും ഫോട്ടോയും നൽകണം. ഭരണഘടനപ്രകാരം മനുഷ്യക്കടത്ത് നിരോധിച്ചിട്ടുണ്ടെങ്കിലും ഇപ്പോഴും അതു പലരീതിയിൽ തുടരുന്നു.

മനുഷ്യക്കടത്തിനെതിരെ പ്രവർത്തിക്കുന്ന പൊലീസ് ഉദ്യോഗസ്ഥർ, കൗൺസലിങ് നടത്തുന്നവർ, സന്നദ്ധപ്രവർത്തകർ എന്നിവരെ ആദരിക്കുന്ന ചടങ്ങിന് ജില്ലാപൊലീസ് മേധാവി ജി.ശിവവിക്രം, ജില്ലാകലക്ടറും വിശ്വാസ് പ്രസിഡന്റുകൂടിയായ ഡി.ബാലമുരളി, അഡീഷനൽ എസ്പി പി.പ്രശോഭ് എന്നിവർ നേതൃത്വം നൽകി. വിശ്വാസ് പ്രോജക്റ്റ് ഡയറക്ടർ പ്രതീഷ്കുമാർ ജോയിന്റ് സെക്രട്ടറി അഡ്വ. ദേവികൃപ എന്നിവർ പ്രസംഗിച്ചു.

manorama